

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി.10/479/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം ജില്ല

തീയതി – 10/06/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി.10/479/2020, തീയതി: 10/06/2020

**കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക്ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2018 മുതൽ 30.12.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്എന്നിവയും , വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 07 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ്റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | :ശ്രീ.സൈമൺ.കെ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | :24.01.2020 മുതൽ 04.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | :ശ്രീമതി.അജി.കെ.എസ്സ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി..പ്രീത.എസ്സ്.എസ്സ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജമീലാബീവി.എം | ഓഡിറ്റർ |
| | ശ്രീമതി.സുനിത സെബാസ്റ്റ്യൻ | ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എം.ദർശൻ | 01.04.2018 മുതൽ 18.05.2018 വരെ |
| | ശ്രീമതി.പി.പുഷ്പകുമാരി | 18.05.2018 മുതൽ 12.06.2018 വരെ (ഇൻ-ചാർജ്ജ് ) |
| | ശ്രീമതി.പി.പുഷ്പകുമാരി | 13.06.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.അജ്മൽ .ജെ | 01.04.2018മുതൽ 01.05.2018 വരെ |
| | ശ്രീ.ഗോപകുമാർ, അസി.സെക്രട്ടറി | 02.05.2018മുതൽ 31.05.2018 വരെ |
| | ശ്രീ.അജ്മൽ .ജെ | 01.06.2018മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ബിന്ദുമോൾ .കെ | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജാസ്മിൻ ജമാൽ | 01.04.2018<br>മുതൽ<br>31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സംഗീത.ജി | 01.04.2018<br>മുതൽ<br>31.03.2019വരെ |
| മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. | ഡോ.ശ്രീലക്ഷ്മി.എസ്സ് | 01.04.2018<br>മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>ആയുർവേദം | ഡോ.മിനി.എസ്സ്.പൈ | 01.04.2018<br>മുതൽ<br>31.03.2019 വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ശ്രീമതി.ഷാജിത.എസ്സ് | 01.04.2018<br>മുതൽ<br>31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.അബ്ദുൾസലാം | 01.04.2018<br>മുതൽ<br>31.03.2019 വരെ |
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഗോപകുമാർ.എസ്സ് | 01.04.2018<br>മുതൽ<br>31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.നിഷ | 01.04.2018<br>മുതൽ<br>31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>1 | ശ്രീ.അനൂപ്.ടി | 01.04.2018<br>മുതൽ<br>31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>2 | ശ്രീ.വിശാൽ രാജ് | 01.04.2018മുതൽ<br>31.03.2019വരെ |

# ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | പാറ ലേലം നടന്നിട്ടില്ല | 1-12 |
| 13 | സഹകരണ സംഘത്തിൻെറ ഉടമസ്ഥതയിലുള്ള പതാരം മാർക്കറ്റിൽ വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചു. | 1-13 |
| 14 | ടെണ്ടറുകൾ ക്യാൻസൽ ചെയ്ത് നടത്തിയ ക്വട്ടേഷനുകളിൽ കുറഞ്ഞ തുകക്ക്കരാർ നൽകി | 1-14 |
| 15 | ഡി & ഒ ലൈസൻസ് | 1-15 |
| 16 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-16 |
| 17 | ടെണ്ടറുകൾ ക്യാൻസൽ ചെയ്ത് നടത്തിയ ക്വട്ടേഷനുകളിൽ കുറഞ്ഞ തുകക്ക്കരാർ നൽകി | 1-17 |
| 18 | എം.ജി.എൻ.ആർ.ഇ.ജി.എസ്-ഒരു അവലോകനം | 1-18 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| | ഇല്ല | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 19 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 20 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 21 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 23 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 24 | ഓഡിറ്റ് റിക്കവറി | 4-6 |
| 25 | സ്ഥിര നിക്ഷേപം. | 4-7 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 27 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 29 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 30 | ഓഡിറ്റ് സാക്ഷ്യപത്രം, 2018 -2019 | അനുബന്ധം -1 |
| 31 | അനുബന്ധപത്രികകൾ | അനുബന്ധം -2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

26.03.2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 06.2.2019 തീയതിയിലെ 3(1)-ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 30/05/2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ്&പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6299271 |
| വരവ് | 116327463 |
| ആകെ | 122626734 |
| ചെലവ് | 114610112 |
| നീക്കിയിരിപ്പ് | 8016622 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (ACR പ്രകാരം) | | 16991814 | 16991814 | 16846091 | 145723 |
| വികസനഫണ്ട് എസ്.സി.പി. (ACR പ്രകാരം) | | 9984000 | 9984000 | 9934000 | 50000 |
| വികസനഫണ്ട് ടി.എസ്.പി. (ACR പ്രകാരം) | | 104000 | 104000 | 0 | 104000 |
| മെയിൻറനൻസ് റോഡ് (ACR പ്രകാരം) | | 11950000 | 11950000 | 11950000 | 0 |
| മെയിൻറനൻസ് നോൺറോഡ് (ACR പ്രകാരം) | | 3704000 | 3704000 | 3704000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻഗ്രാൻറ്(ACR പ്രകാരം) | | 9789793 | 9789793 | 7314412 | 2475381 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 |
| സാക്ഷരത | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ദുരിതാശ്വാസനിധി | 3983 | 179 | 4162 | 0 | 4162 | |
| എം.ജി.എൻ.ആർ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 36734776 | 36734776 | 36734776 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 46333 | 660801 | 707134 | 701698 | 5436 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 738626 | 875050 | 1613676 | 449182 | 1164494 |
| | ICDS | 1446544 | 897419 | 2343963 | 486622 | 1857341 |

| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ(ഇനംതിരിച്ച് ചേർക്കുക) | | | | | | |
|---|---|---|---|---|---|---|
| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
| തൊഴിൽരഹിതവേതനം | | 0 | 563160 | 563160 | 563160 | 0 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | | 0 | 300000 | 300000 | 300000 | 0 |
| ജോയിൻറ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 101755 | 6537643 | 6639398 | 6237643 | 401755 |
| | ജില്ലാപഞ്ചായത്ത് | 130680 | 3812715 | 3943396 | 3799912 | 143483 |
| ബി ഫണ്ട് | | - | - | - | - | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5132780 | 43213370 | 48346150 | 42700634 | 5645516 |
| | ട്രഷറി അക്കൗണ്ട് | 500 | 12344477 | 12344977 | 11728307 | 616670 |

കുറിപ്പ് – ജോയിന്റ് വെഞ്ചർ, എ൯.സി.ഡി.എസ്, ശുചിത്വ മിഷൻ, വിമുക്തി എന്നീ ഇനങ്ങളിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 | 38713947 | 128 | 34491611 | - | 41 | 76 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 46333 | 660801 | 707134 | 701698 | 5436 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36734776 | 36734776 | 36734776 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 563160 | 380 |
| കർഷകതൊഴിലാളി പെൻഷൻ | 3384000 | 262 |
| വിധവാപെൻഷൻ | 12675300 | 1120 |
| വാർദ്ധക്യകാലപെൻഷൻ | 21294400 | 1907 |
| വികലാംഗപെൻഷൻ | 4740900 | 380 |
| വിവാഹധന സഹായം | 300000 | 10 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 54500 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.02.2020 ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8884/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

- ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.
- അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

- വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.
- ഗ്രാമപഞ്ചായത്തിൽ ട്രഷറി അക്കൗണ്ടിന് പുറമേ ഇ-പേയ്മെന്റിന് വേണ്ടി ഒരു ബാങ്ക് അക്കൗണ്ടുകൂടി തനതുഫണ്ടിന് വേണ്ടി നിലനിർത്തിയിട്ടുണ്ട്..
- സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഉണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

  ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരുമാന വർദ്ധനവിന് പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുകയും നിലവിലുള്ളവ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2019 | 9/2019,10/2019 | 16.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-2-2017 | 2011-12 മുതൽ 2015-16 വരെ | 29-04-2017 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

(1) വസ്തുനികുതി (റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ ബിൽഡിംഗ്) എന്നിവയിലെ ഡിമാന്റ് സാംഖ്യ, സഞ്ചയ സോഫ്റ്റ് വെയറുകളിലെ തുകകൾ തമ്മിൽ വ്യത്യാസം കാണുന്നു. ടി വ്യത്യാസം ബുക്ക് അഡ്ജസ്റ്റ്മെന്റ് എന്നതാണെന്ന മറുപടിയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

(2) ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ തനത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ആസ്തികൾ സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം പരിശോധനാ വിധേയമാക്കാൻ കഴിഞ്ഞിട്ടില്ല.

(3) അടുത്ത വർഷത്തേക്കുള്ള അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി തൻവർഷം ബി9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

(4) സ്റ്റോക്ക് രജിസ്റ്റർ മൂല്യനിർണ്ണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

(5) ലൈഫ് പദ്ധതിക്കായി ലോൺ ഇനത്തിൽ അനുവദിക്കപ്പെട്ട തുകയുടെ ചെലവ് RP 45 (prepaid Programme expense head) ന് പകരം RP 16 (Housing) എന്ന ഹെഡിൽ ചെലവ് ചെയ്തിരിക്കുന്നു.

(6) 2013-14 മുതൽ 2015-16 വരെയുള്ള വിവിധം ഇനം നിക്ഷേപതുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

(7) ലൈബ്രറി സെസ്സ് ഇനത്തിൽ അടവാക്കാൻ ബാക്കിയുള്ള തുക 1,34,559/-രൂപയാണ്. അക്കൗണ്ട്സ് പ്രകാരം 1,32,854/-രൂപയാണ് അടവാക്കാൻ ബാക്കിയുള്ളത്.

(8) വിവിധയിനം ഗ്രാന്റുകൾ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

വിമുക്തി, എൊ.സി.ഡി.എസ്, അങ്കണവാടി Central & State Share, സംയുക്ത പദ്ധതികൾക്കായി വന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം, ശുചിത്വ മിഷൻ, പെർഫോമൻസ് ഗ്രാന്റ് എന്നിവ.

## 1-12 പാറ ലേലം നടന്നിട്ടില്ല

പ്രോജക്ട്നം. 69/19- കെ.സി.റ്റി.മുക്ക് - മുള മുക്ക് റോഡ് ബേം കോൺക്രീറ്റിംഗ് എന്ന പദ്ധതിയിൽ കലുങ്ക് നിർമ്മാണത്തിന് വേണ്ടി നിലവിലെ പാർശ്വഭിത്തി പൊളിച്ചു നീക്കം ചെയ്യപ്പെട്ടതിൽ നിന്നും 2.5m3പാറ ലഭിച്ചു.ആയതിന് ഒരു $m^3$ ന് 735.25/- രൂപ എന്ന നിരക്കിലുള്ള വാല്യുവേഷൻ സ്റ്റേറ്റ്മെൻറും അസ്സി.എൻഞ്ചിനീയർ നൽകി.എന്നാൽ നാളിതുവരെ ലേലം നടന്നിട്ടില്ല.

ഇതിൻമേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 31/10/2018-ന് ലേലം നടത്തിയെങ്കിലും ലേലതുക കൂടുതലായ ലേലത്തിൽ ആരും പങ്കെടുത്തില്ല. കമ്മിറ്റി തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ ഉടൻ പുനർലേലം നടത്തി ലേലതുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തുന്നതാണെന്ന് മറുപടി ലഭിച്ചു.അടിയന്തിരമായി നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

എൻക്വയറി നം.5 -30/01/20

## 1-13 സഹകരണ സംഘത്തിൻെറ ഉടമസ്ഥതയിലുള്ള പതാരം മാർക്കറ്റിൽ വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചു.

സഹകരണ സംഘത്തിൻെറ ഉടമസ്ഥതയിലുള്ള പതാരം മാർക്കറ്റിലെ പൊതു ടോയ്ലറ്റിന് വാട്ടർ കണക്ഷൻ എടുക്കുന്നതിന് 20/10/18 തീയതിയിലെ വൌച്ചർ നം.21800602 പ്രകാരം 10,906/-രൂപ (എസ്റ്റിമേറ്റ് നം.SKTA/SDS/870/2018-18,dtd.7/9/18) സെക്രട്ടറി അനുവദിച്ച് നൽകിയിട്ടുണ്ട്. ടി ടോയ്ലറ്റ് ശുചിത്വ മിഷൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതാണെങ്കിലും ആയതിലേക്ക് ജലലഭ്യത സാധ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം മാർക്കറ്റിൻെറ വരുമാനം സ്വീകരിക്കുന്ന സൊസൈറ്റിയുടെ ചുമതലയാണ്. സഹകരണ സംഘത്തിൻെറ ഉടമസ്ഥതയിലുള്ള ടി മാർക്കറ്റിന് വാട്ടർ കണക്ഷൻ എടുക്കുന്നതിലേക്കായി പഞ്ചായത്തിൻെറ ഫണ്ട് ഉപയോഗിച്ചത് സംബന്ധിച്ച്

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ശുചിത്വ മിഷൻ ഫണ്ട് ഉപയോഗിച്ചു നിർമ്മിച്ച ടോയ് ലറ്റിന് വാട്ടർ കണക്ഷൻ ഇല്ലാത്തതിനാലും ,ഇവിടെ പൊതു ജനങ്ങൾക്ക് നൽകുന്ന സേവനത്തിന് ഗ്രാമപഞ്ചായത്തോ,സഹകരണ സംഘമോ യാതൊരു ഫീസും ഈടാക്കാതെ തികച്ചും സൗജന്യമായിട്ടാണ് നൽകുന്നതെന്നും പൊതുജനങ്ങൾക്ക് ഏറ്റവും അത്യാവശ്യമായ സഹായം നൽകിയിട്ടുള്ളതിനാൽ യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല എന്ന് മറുപടി ലഭിച്ചു. മാർക്കറ്റിൽ നിന്നുള്ള വാടക,തറ വാടക എന്നിവ സ്വീകരിക്കുന്ന സൊസൈറ്റിയിൽ നിന്നും മെയിൻറനൻസ് നടപടികൾ എന്നിവയ്ക്കുള്ള ചെലവ് നടത്തുന്നതിന് തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.
മാർക്കറ്റുകളുടെ പ്രമാണങ്ങൾ, ഡോക്യുമെൻറ് രജിസ്റ്റർ എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് റിക്വസിഷൻ 1/29/1/20) ആയത് ലഭ്യമാക്കിയില്ല. പതാരം മാർക്കറ്റ് സഹകരണ സംഘത്തിൻെറ ഉടമസ്ഥതയിലുള്ളതാണെന്ന് മാത്രം നേരിൽ ബോധ്യപ്പെടുത്തി. രേഖകളുടെ അഭാവത്തിൽ ഉടമസ്ഥത സംബന്ധിച്ച വിവരം ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

എൻക്വയറി നം.8 – 3/02/20

## 1-14 മാട്ടിറച്ചി ലേലം,ഇറച്ചികോഴി വ്യാപാരം എന്നിവയ്ക്ക് ലേലം നടന്നിട്ടില്ല.

1.ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ മാട്ടിറച്ചി ലേലം നടന്നിട്ടില്ല. 2017-18 കാലയളവിലേക്ക് 10/4/2017 ൽ നടന്ന ലേലത്തിൽ 2,10,000/- രൂപയുടെ വരവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് പഞ്ചായത്തിലോ പരിസരപ്രദേശങ്ങളിലോ സ്ളോട്ടർ ഹൌസ് ഇല്ലയെന്നും കഴിഞ്ഞ വർഷം സ്ളാട്ടർ ഹൗസിൽ വച്ച് വെട്ടിയ മാട്ടിറച്ചി പഞ്ചായത്തിൻെറ പരിധിയിലുള്ള കക്കാക്കുന്ന് , കെ.സി.റ്റി.മുക്ക് , പ്ലാമൂട്ടിൽചന്ത , പതാരം എന്നിവടങ്ങളിൽ വിൽപ്പന നടത്തുന്നതിനാണ് അനുമതി നൽകിയതെന്ന് മറുപടി ലഭിച്ചു.

മാട്ടിറച്ചി ലേലം നടക്കാത്ത സാഹചര്യത്തിൽ പഞ്ചായത്തിൽ അനധികൃത കച്ചവടം നടക്കാൻ സാധ്യതയുണ്ട്. ആയത് സംബന്ധിച്ച് പഞ്ചായത്ത് അധികൃതർ പരിശോധന നടത്തിയിട്ടുണ്ടോയെന്നുള്ള വിവരം ലഭ്യമാക്കിയില്ല.

2.ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഇറച്ചികോഴി വ്യാപാരം ലേലം നടന്നിട്ടില്ല.2017-18 കാലയളവിലേക്ക് 10/4/2017 ൽ നടന്ന ലേലത്തിൽ 77,500/-രൂപയുടെ വരവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് വ്യാപാരികളിൽ നിന്ന് വൻ പ്രതിഷേധം ഉണ്ടായിരുന്നതിലാണ് തുടർവർഷങ്ങളിൽ ലേലം നടക്കാതിരിക്കുന്നത് എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ഡി ആൻറ് ഒ രജിസ്റ്റർ പരിശോധിച്ചതിൽ ടി സാമ്പത്തിക വർഷം ഇറച്ചി കോഴി വിൽപ്പന നടത്തുന്നതിന് ലൈസൻസ് എടുത്തതായി കാണുന്നില്ല.ടി സാഹചര്യത്തിൽ ലൈസൻസില്ലാതെ ഇറച്ചികോഴി വ്യാപാരം നടക്കുന്നതായി കണക്കാക്കുന്നു. ഡി ആൻറ് ഒ ലൈസൻസ്

നല്കുന്നതിലും സുതാര്യത ഉറപ്പ് വരുത്തുന്നതിന് അധികൃതരുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

എൻക്വയറി നം.3 – തീയതി - 28/1/20

## 1-15 ഡി & ഒ ലൈസൻസ്

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെ ഒരു വ്യാപാരമോ, വ്യവസായമോ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുവാൻ പാടില്ല .പഞ്ചായത്തുപരിധിയിൽ 15 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്ഥാപനങ്ങൾ ഒന്നുംതന്നെ ലൈസൻസ് എടുക്കുകയോ,സ്ഥാപനത്തിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.
1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നുവെങ്കിലും ഒടുക്കിയിട്ടില്ലെന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് മറുപടി ലഭിച്ചു.ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നം.4 – 30/1/2020

## 1-16 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2018-19 വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണോദ്യോഗസ്ഥൻ | പദ്ധതി , നം | അടങ്കൽ തുക | ചെലവ് തുക | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | സെക്രട്ടറി | IKM ന് വിഹിതം നൽകൽ (2/2019) | 86890/- (വികസന ഫണ്ട്) | 86890/- | 06-2018/19 29.06.2018 | ഇൻഫർമേഷൻ കേരള മിഷന് നൽകി. |
| 2. | സെക്രട്ടറി | എസ്.എസ്.എ വിഹിതം നൽകൽ (04/2019)&05/2019) | 10,00,000/-& 3,00,000 (വികസന ഫണ്ട്,ജനറൽ& എസ്.സി.പി) | 10,00,000/- 3,00,000/- | 8&7/18-19/ 29.6.18 | പ്രോജക്ട് ഓഫീസർ, എസ്.എസ്.എ. (കൊല്ലം) നൽകി |
| 3 | സെക്രട്ടറി | ഗവ.എൽ.പി.എസ്, കിടങ്ങയം വാട്ടർ കണക്ഷൻ, | - | (പദ്ധതിയേതരം) 8936 (17.10.2018-ലെ 9/1 തീരുമാനം) | വൗച്ചർനമ്പർ 21800654 തീയതി.07.11.2018 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശാസ്താംകോട്ട |
| ആകെ | | | | 13,95,826/- | | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.വിനിയോഗ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
എൻകൃയറി നം. – 10/ 04.02.2020

## 1-17 തക്കതായ കാരണങ്ങളില്ലാതെ ടെണ്ടറുകൾ ക്യാൻസൽ ചെയ്ത് നടത്തിയ റീ ടെണ്ടറുകളിൽ കൂടിയ തുകക്ക് കരാർ നൽകി

വിവിധ പ്രവർത്തികൾക്കായി നടത്തിയ ആദ്യടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ 29-12-17-ൽ റീടെണ്ടർ നടത്തി. 20 പ്രവർത്തികൾ ഉൾപ്പെടുത്തി നടത്തിയ റീ ടെണ്ടറിൽ 11 പ്രവർത്തികൾക്ക്മാത്രമാണ് ടെണ്ടറുകൾ ലഭിച്ചത് . ടി ടെണ്ടറുകൾ അംഗീകരിക്കുന്നതിന് ശുപാർശ ചെയ്തകൊണ്ട് അസിസ്റ്റൻറ് എഞ്ചിനീയർ കത്ത് നൽകി. എന്നാൽ, പ്രവത്തികൾ എല്ലാം ഏറ്റെടുത്തിട്ടില്ലാത്തതിനാലും ഏറ്റെടുത്ത പ്രവത്തികൾ കമ്മറ്റി വിലയിരുത്തിയതിൻറെ അടിസ്ഥാനത്തിലും ഏ.ഇ നിർദ്ദേശിച്ച പോജക്ടുകൾ മാത്രമായി ഏറ്റെടുക്കേണ്ടതില്ലെന്നും വീണ്ടും ക്വട്ടേഷൻ നടത്തുന്നതിന് എ.ഇ-യെ ചുമതലപ്പെടുത്തുന്നതിനും 30-12-17ലെ കമ്മറ്റിയിൽ തീരുമാനിച്ചു. (തീരുമാനം 1) ആയത് പ്രകാരം 16-1-18-ൽ നടത്തിയ റീ ടെണ്ടറിൽ 17 എണ്ണത്തിന് ടെണ്ടർ ലഭിച്ചു. എല്ലാറ്റിനും വളരെ കുറഞ്ഞ ടെണ്ടർ സേവിംഗ്സിലുള്ള ടെണ്ടറുകളാണ് ലഭ്യമായത്. എന്നാൽ ആവശ്യമായ പരിശോധനകൾ, മുൻ ടെണ്ടറുമായി ഒത്തുനോക്കൽ എന്നിവ നടത്താതെ ടെണ്ടറുകൾ എല്ലാം അംഗീകരിച്ചു നല്കി. 29-12-17-ലെ ടെണ്ടറിൽ ഉൾപ്പെടാത്ത അഞ്ച് പ്രവർത്തികൾക്ക്കൂടി (സൈഡ് വാൾ നിർമ്മാണം)ടെണ്ടർ ലഭിച്ചെങ്കിലും പല പ്രവർത്തികൾക്കും കുറഞ്ഞ ടെണ്ടർ സേവിംഗ്സിൽ കരാർ നല്കിയിട്ടുണ്ട്. ഉദാഹരണമായി 2018 – 19 സാമ്പത്തികവർഷം പൂർത്തീകരിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

2)പദ്ധതി നം-133/18-19

എസ്റ്റിമേറ്റ്-6,50,000/-രൂപ

ബിൽ നം-8/18-19,21-6-18

കരാറുകാരൻ-ഹരികുമാർ

കണിയാംകടവ് ചുവിൽ കുളങ്ങര റോഡ് മെയിൻറനൻസ് എന്ന പ്രവർത്തിക്ക്

29-12-17-ൽ നടന്ന റീടെണ്ടറിൽ ഡാനിക്കുട്ടി, സജിഭവൻ , ശൂരനാട് എന്നയാൾ 6,13,588/- രൂപയുടെയും, ഹരികുമാർ, പ്ളാവിളക്കിഴക്കതിൽ എന്നയാൾ 6,47,672/- രൂപയുടെയും ടെണ്ടറുകൾ സമർപ്പിച്ചെങ്കിലും 30-12-17ലെ കമ്മറ്റിയിൽ തീരുമാന പ്രകാരം(നം-1). ടെണ്ടറുകൾ ക്യാൻസൽ ചെയ്തു. 16-1-18-ലെ ക്വട്ടേഷനിൽ 3% എസ്റ്റിമേറ്റിൽ കുറഞ്ഞ തുകയായ 647672/-( ലംപ്സം തുക കുറച്ച് ) രേഖപ്പെടുത്തി ലഭിച്ച ഹരികുമാറിൻറെ ക്വട്ടേഷൻ മാത്രം ലഭിക്കുകയും 20-1-2018-ലെ 2-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. നമ്പർ 18//ae/lsgd/17-18, 5-2-18 പ്രകാരം കരാർ വച്ച് ആകെ 6,07,236/-

മൂല്യത്തിൽ വർക്ക് ചെയ്ത5,92,457/-രൂപ കൈപ്പറ്റിയിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരമുള്ള തുകയിൽ നിന്നും കുറഞ്ഞ തുകയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വർക്ക് പൂർത്തീകരിച്ചതിനാൽ നഷ്ടമുണ്ടായതായി കണക്കാക്കാൻ കഴിയില്ല.

2)പദ്ധതി നം-138/19(128/17-18)

എസ്റ്റിമേറ്റ്-700000/-

ബിൽ നം-117/18-19

കരാറുകാരൻ-ഡാനിക്കുട്ടി

പുത്തൻവിളമുക്ക്-ചൈതന്യമുക്ക് റീടാറിംഗ് എന്നപ്രവർത്തിക്ക് 29-12-17-ൽ നടന്ന റീടെണ്ടറിൽ സജീവൻ എന്ന കരാറുകാരൻ 6,96,200/-രൂപയുടെയുംഡാനിക്കുട്ടി എന്ന കരാറുകാരൻ 6,42,300/- രൂപയുടെയും ടെണ്ടറുകൾ സമർപ്പിച്ചു.എന്നാൽ 30-12-17-ലെ1-ാം നമ്പർ തീരുമാന പ്രകാരം ടി തീയതിയിലെഎല്ലാ ടെണ്ടറുകളും ക്യാൻസൽ ചെയ്തു.17-1-18-ലെ ക്വട്ടേഷനിൽഡാനിക്കുട്ടിയുടെ 696103.10/-ക്വട്ടേഷൻ മാത്രം ലഭിക്കുകയും 20-1-2018-ലെ 2-ാംനമ്പർ നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു നല്കുകയും ചെയ്തു. നമ്പർ 22A//ae/lsgd/17-18,5-2-18 പ്രകാരം കരാർ വച്ച്29-11-18-ൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.എംബുക്ക്നമ്പർ-117/18-19 പ്രകാരം ആകെ696107/-മൂല്യത്തിൽ വർക്ക് ചെയ്ത് 6,36,634/-കരാറുകാരന് നല്കി. ഇപ്രകാരം 53807/- (696107-642300/-) അധിക തുക നല്കിയിട്ടുണ്ട്.
ടി പ്രവർത്തിയിൽ 53807/-രൂപ കുറഞ്ഞ നിരക്കിൽ അതേ കരാറുകാരനു തന്നെ യാണ് വർക്ക് അനുവദിച്ചിട്ടുള്ളത്. ടെണ്ടർ വിളിച്ചിരുന്ന 20 വർക്കുകളിൽ സൈഡ് വാൾ നിർമ്മാണത്തിനുള്ള പ്രവർത്തികൾ ഒഴിവാക്കി ലാഭമുള്ള വർക്കുകൾക്ക് മാത്രമാണ് കരാറുകാർ ടെണ്ടർ ലഭ്യമാക്കിയത് എ ന്ന കാരണത്താലാണ് പഞ്ചായത്തു കമ്മറ്റി ടെണ്ടറുകൾ ക്യാൻസൽ ചെയ്തത്. തക്കതായ കാരണങ്ങൾ ഇല്ലാതെ ടെണ്ടർ ക്യാൻസൽ ചെയ്യുന്നത് നിയമവിരുദ്ധമാണ്. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.
മേൽ ടെണ്ടർ നടപടികൾ പ്രകാരം കരാർ ലഭിച്ച് 2019- 20 സാമ്പത്തിക വർഷത്തിലും തുടരുന്ന പ്രവർത്തികളിന്മേൽ യുക്തമായ നടപടികൾ സ്വീകരിച്ച് നഷ്ടം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 07/18- 19, തീയതി – 03/02/2020.

## 1-18 എം.ജി.എൻ.ആർ.ഇ.ജി.എസ്-ഒരു അവലോകനം

2018 – 2019 സാമ്പത്തികവർഷം 3,66,65,616/- രൂപയുടെ പ്രവർത്തികൾ ഏറ്റെടുത്ത് പൂർത്തിയാക്കി. 1,15,885 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 99.73 ലക്ഷം രൂപയുടെ മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവർത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 27.17% മെറ്റീരിയൽ വർക്കുകൾ സാമ്പത്തിക വർഷംപൂർത്തീകരിച്ചിട്ടുണ്ട്. റോഡ് കോൺക്രീറ്റിംഗ്

പ്രവർത്തികൾക്ക് വേണ്ടി 32 എണ്ണം ടെണ്ടർ ചെയ്തെങ്കിലും 23 എണ്ണം മാത്രമാണ് നടപ്പിലായത്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17/07/19, 18/7/19 | കെ.എസ്സ്.എ-കെ.എൽ.എം-പി.10/1149/19, തീയതി – 04/09/2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2018-19 | 2639565 | ലൈഫ് ഭവനപദ്ധതി ജനറൽ | 2639565 | 0 |
| | | 2303078 | ലൈഫ് ഭവനപദ്ധതി എസ്.സി | 2303078 | 0 |
| | | 195000 | സമഗ്രനെൽകൃഷി വികസനം | 195000 | 0 |
| | | 150000 | ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | | 200000 | ബഡ്സ്കൂൾ നടത്തിപ്പ് | 200000 | 0 |
| | | 300000 | അംഗൻവാടി കെട്ടിടനിർമ്മാണം വാർഡ് 10 | - | 300000 |
| | | 250000 | കൈമവീട്ടിൽമുക്ക് പെരിയോൻതറ ക്ഷേത്രഓടനിർമ്മാണം | 250000 | 0 |
| | | 500000 | ബഡ്സ്കൂൾ വസ്തു വാങ്ങൽ | 500000 | 0 |
| ആകെ | | 6537643 | | 6237643 | 300000 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 2018-19 | 1031991 | ലൈഫ് ഭവനപദ്ധതി എസ്.സി | 1031991 | - |
| | | 1660724 | ലൈഫ് ഭവനപദ്ധതി ജനറൽ | 1660000 | 724 |
| | | 255000 | നെൽകൃഷി വികസനം | 255000 | - |
| | | 200000 | അംഗൻവാടി അന്നപൂരക പോഷകാഹാരപരിപാടി | 200000 | - |
| | | 115000 | ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് | 115000 | - |
| | | 550000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 537921 | 12079 |
| ആകെ | | 3812715 | | 3799912 | 12803 |

ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് വിഹിതം ഇനത്തില് ലഭിച്ച തുകകൾ തനത് ഫണ്ട് അക്കൌണ്ടിൽ നീക്കിയിരിപ്പുണ്ട്. വിശദാംശം താവെ ചേർക്കുന്നു.

2014-15 - 3,280 /-രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)

2015-16 - 5,579 രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

2016-17 - 95,426/- രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ആകെ - 1,04,285/- രൂപ

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിൻറെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെകൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ, ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | പൈപ്പ്ലൈൻ നീട്ടൽ -വാർഡ് 4&11 | 21801337,2178989, തീയതി-25.03.2019 | 70000 | 0 | 70000 |
| | പഞ്ചായത്ത്മിനി സ്റ്റേഡിയം ഭൗതിക സാഹചര്യമൊരുക്കൽ | 21801289 തീയതി -29.03.2019 | 61690 | 0 | 61690 |
| | അംഗന വാടികൾക്ക് വാട്ടർകണക്ഷൻ | 21801162 തീയതി-29.03.2019 | 26804 | 0 | 26804 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൽ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 33276000 രൂപ വരവുണ്ട്. 33276000 രൂപയിൽ 3,32,76,000 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (എ.എസ്.)നം.2278തസ്വഭവ തീയതി.18/08/18 | 33276000 | - | - | | 33276000 |

.
.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 122626734 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 114610112 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 13,95,826 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1395826 | അജ്മൽ.ജെ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജ്മൽ.ജെ, സെക്രട്ടറി | സെക്രട്ടറി<br>ശൂരനാട് സൗത്ത് | ഇക്കര പുത്തൻവീട്<br>പട.സൗത്ത്<br>കരുനാഗപ്പള്ളി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.കൃ.പി8/1396(3)/14 തീ.24.6.14 |
| 1999-00 | എൽ.എഫ്.കൃ.പി8/1396(5)/14തീ.24.6.14 |
| 2001-02 | എൽ.എഫ്.കൃ.പി8/1396(7)/14തീ.24.6.14 |
| 2002-03 | എൽ.എഫ്.കൃ.പി8/1396(8)/14തീ.24.6.14 |
| 2003-04 | എൽ.എഫ്.കൃ.പി8/1396(9)/14തീ.24.6.14 |
| 2004-05 | എൽ.എഫ്.കൃ.പി8/1396(10)/14തീ.24.6.14 |
| 2005-06 | എൽ.എഫ്.കൃ.പി8/1396(11)/14തീ.24.6.14 |
| 2006-07 | എൽ.എഫ്.കൃ.പി8/1396(12)/14തീ.24.6.14 |
| 2007-08 | എൽ.എഫ്.കൃ.പി8/1396(13)/14തീ.24.6.14 |
| 2008-09 | എൽ.എഫ്.കൃ.പി8/1396(14)/14തീ.24.6.14 |
| 2009-10 | എൽ.എഫ്.കൃ.പി8/1396(15)/14തീ.24.6.14 |
| 2010-11 | എൽ.എഫ്.കൃ.പി8/1396(16)/14തീ.24.6.14 |
| 2011-12 | എൽ.എഫ്.കൃ.പി8 /978/14 തീ 10.07.14 |
| 2012-13<br>2013-14 | കെ.എസ്.എ. – കെ.എൽ.എം.പി7 /820/15തീ 19.10.15 |
| 2014-15 | കെ.എസ്.എ. – കെ.എൽ.എം.പി7 /1150/16 തീ 23.07.16 |
| 2015-16 | കെ.എസ്.എ. കെ.എൽ.എം.പി.7–1898 / 16 തീയതി, 4/2/17 |
| 2016-17 | കെ.എസ്.എ. കെ.എൽ.എം.പി.10/1724/17 തീയതി, 20.10.2017 |
| 2017-18 | കെ.എസ്.എ. കെ.എൽ.എം.പി. 10/206/19 തീയതി,26/03/19 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം 2018-19</u>

കെ.എസ്.എ-കെ.എൽ.എം-പി.10/479/20


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പഴയ മുനിസിപ്പൽ ബിൽഡിംഗ്,

ചിന്നക്കട, കൊല്ലം പിൻ - 691 001

Ph: 0474 – 2740141

E-mail: doklm.ksad@kerala.gov.in


തീയതി : 10/06/2020

<u>സാക്ഷ്യപത്രം 2018-19</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷികധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

No.KSA.KLM.P10/479/20 , Dated –22 /05/2020

# AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Soornadu South Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Soornadu South Grama Panchayath** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

Kerala State Audit Department

# <u>അനുബന്ധം-2</u> <u>അനുബന്ധ പത്രികകൾ</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്